**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. T *777**

**08/11/2016 ൽ മറുപടിയ്ക്ക്**

**ഖാദി ഗ്രാമ വ്യവസായ മേഖലയുടെ വിപുലീകരണം**

**ചോദ്യം**
**ഡോ.എം.കെ.മുനീർ**
**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**
**ശ്രീ.എം.ഉമ്മർ**
**ശ്രീ.പി.ബി.അബ്ദുൾ റസ്സാക്ക്**

**ഉത്തരം**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഖാദി ഗ്രാമ വ്യവസായ മേഖലയിലെ 'വരുമാന ഉറപ്പ് പദ്ധതി' വിപുലമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതു വിധത്തിലെന്ന് വ്യക്തമാക്കുമോ ; | (എ) | തൊഴിൽ വകുപ്പ് വഴി നടപ്പാക്കുന്ന വരുമാന പൂരക പദ്ധതി (Income Support Scheme) യുടെ ആനുകൂല്യം സംസ്ഥാനത്തെ ഖാദി തൊഴിലാളികൾക്കും നൽകി വരുന്നുണ്ട്. ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാനായി 2016-17 വർഷത്തിൽ 27 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പു വരുത്തുന്ന കാര്യവും വേതന വർദ്ധനവ് ഏർപ്പെടുത്തുന്ന കാര്യവും സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) | ഈ മേഖലയിലെ തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ നൽകാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ;എങ്കിൽ എങ്ങനെയെന്ന് വിശദമാക്കുമോ ; | (ബി) | ഖാദി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന മുഴുവൻ തൊഴിലാളികൾക്കും വർഷം മുഴുവൻ തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവർക്ക് തൊഴിലുപകരണങ്ങൾ നൽകുന്നതിനും, തൊഴിലിൽ പരിശീലനം നൽകുന്നതിനും സെമി ആട്ടോമേഷൻ നടപ്പാക്കാനും ഇടതടവില്ലാതെ അസംസ്കൃത സാധനങ്ങൾ വിതരണം ചെയ്യുന്നതിനും ഉല്പന്നങ്ങൾ യഥാസമയം ശേഖരിച്ച് മുടക്കം കൂടാതെ വേതനം നൽകുന്നതിനും ഉള്ള |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളും സംവിധാനങ്ങളും നിലവിലുണ്ട്. |
| (സി) | ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെ നിലനിർത്താനും, കൂടുതൽ പേരെ ആകർഷിക്കാനുമുള്ള പരിഷ്കാരങ്ങൾ നടപ്പാക്കുമോ ? | (സി) | ഇത് സംബന്ധിച്ച് സർക്കാർ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ